# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 43

10.03.2015 ൽ മറുപടിയ്ക്ക്

## പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയുടെ പങ്കാളിത്തം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന് കീഴിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ ജില്ലകളിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ ഈ വർഷം (2014-15) നാല് (4) ബിടെക് കോഴ്സുകൾ ഉൾപ്പെടുത്തി ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. എഞ്ചിനീയറിംഗ് മേഖലയിലെ ഉപരിപഠനത്തിനുള്ള കുറവ് പരിഹരിക്കുന്നതിനായി കേപ്പിന് കീഴിൽ മൂന്ന് (3) എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിച്ചു. നിലവിലുള്ള അധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേപ്പിന്റെ QIP യിലൂടെ അടിസ്ഥാന ശമ്പളവും ഗ്രേഡ് പേയും നൽകി എം.ടെക് ഉം പി.എച്ച്.ഡി. യും എടുക്കുവാനുള്ള അവസരം ഒരുക്കുകയും പിജി യുള്ള അധ്യാപകരെ കൂടുതലായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. TEQIP പോലുള്ള പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് |

| | | |
|---|---|---|
| | | എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കോളേജുകളെ ഉന്നത നിലവാരത്തിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കൂടാതെ സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർ ഡാമിൽ കിക്മ എന്ന സ്ഥാപനവും നിരവധി എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ എഞ്ചിനീയറിംഗ് മാനേജ്മെന്റ് കോഴ്സുകളും നടത്തുന്നു. കോഴിക്കോട് ജില്ലയിലെ എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോട് കൂടിയ ബി.ടെക്, എം.ടെക് കോഴ്സുകൾ നടത്തി വരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ കേച്ചേരിയിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിലുള്ള ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ നിലവിലുള്ള ഡിഫാം കോഴ്സിന് പുറമെ ബി.ഫാം കോഴ്സ് കൂടി ആരംഭിക്കുന്നതാണ്.<br>പ്രൊഫഷണൽ എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ലാഭത്തിന്റെ 5% വകമാറ്റിയ പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് എന്ന ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ 2014-15 വർഷം നാല് (4) ബി.ടെക് കോഴ്സുകൾ ഉൾപ്പെടുത്തി ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജിന്റെ പണി പുരോഗമിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. കേപ്പിന് കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലും, പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിലും, കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിലും 2 വീതം എം.ടെക് കോഴ്സുകൾ ഈ വർഷം (2014-15) ആരംഭിച്ചു. ഇതിന് പുറമെ തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദ കോഴ്സും ഈ വർഷം |

ആരംഭിച്ചിട്ടുണ്ട്. പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ TEQIP Phase II യിൽ ഉൾപ്പെടുത്തി ലബോറട്ടറി, ലൈബ്രറി മുതലായവ നവീകരിക്കുന്നതിനും അധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിൽ നിന്നും ഓരോ കോളേജിനും പരമാവധി 10 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരിൽ നിന്നും കേപ്പിന്റെ തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് കൊണ്ട് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നിലവിൽ പുന്നപ്ര കോളേജിൽ ലേഡീസ് ഹോസ്റ്റലും മെൻസ് ഹോസ്റ്റലും തൃക്കരിപ്പൂർ, തലശ്ശേരി എന്നിവിടങ്ങളിൽ ലേഡീസ് ഹോസ്റ്റലും ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

| | |
|---|---|
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്രകാരം തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും കേപ്പിന്റെ കീഴിൽ ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത പദ്ധതികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന കോളേജിന് 16 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ടത്തിന്റെ കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. വടക്കാഞ്ചേരിയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം |

കണ്ടെത്തിയിട്ടുണ്ട്. ടി വസ്തു കേപ്പിന്റെ പേരിൽ അനുവദിച്ച് കിട്ടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ